(ബി) ടൂറിസ്റ്റുകൾക്കായി പൊൻമുടിയിൽ നിലവിൽ സർക്കാർ അതിഥി മന്ദിരത്തിൽ താമസം, ഭക്ഷണം എന്നീ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കൂടാതെ പൊൻമുടി വിനോദസഞ്ചാര വികസനത്തിന് കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ Destination Development of Ponmudi എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. അതിൽ കുട്ടികളുടെ കളിസ്ഥലം, ഓപ്പൺ എയർ ഓഡിറ്റോറിയം, റോഡ് ലാന്റ്സ്കേപ്പിംഗ്, വൈദ്യുതീകരണം തുടങ്ങിയവ ഉൾപ്പെടുന്നു.

(സി) പൊൻമുടിയുടെ സമഗ്ര വികസനത്തിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ടാറ്റ കൺസൾട്ടൻസി സർവ്വീസസ് എന്ന ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഏജൻസി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ധർമ്മടം ഗ്രാമപഞ്ചായത്തിൽ കിറ്റ്സിന് നിർമ്മിക്കുന്ന കെട്ടിടം

333 (1041) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധർമ്മടം ഗ്രാമപഞ്ചായത്തിൽ കിറ്റ്സിന് നിർമ്മിക്കുന്ന കെട്ടിടം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) ഈ കെട്ടിടം പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ധർമ്മടം ഗ്രാമപഞ്ചായത്തിൽ കിറ്റ്സിന് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ 25% പൂർത്തിയായതായി നിർവ്വഹണ ഏജൻസിയായ കിറ്റ്കോ അറിയിച്ചിട്ടുണ്ട്.

(ബി) കെട്ടിടം പൂർത്തീകരിക്കുന്നതിന് CRZ ക്ലിയറൻസ് ആവശ്യമായി വന്നതിനാൽ ക്ലിയറൻസ് ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

കോഴിക്കോട് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്

334 (1042) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിനുവേണ്ടി നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ പ്രവൃത്തി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly